L.255

# സൂര്യന്റെ ആത്മകഥ

ഉമയനല്ലൂർ ബാലകൃഷ്ണപിള്ള

PRAVARTHAKA C.S. LTD. KOTTAYAM

# സൂര്യന്റെ ആത്മകഥ

ഇന്ത്യാഗവണ്മെന്റിന്റെ സമ്മാന
ത്തിനർഹമായതു്

L 255

NATIONAL BOOK STALL
SPCS LTD
BR. TRIVANDRUM.

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിറ്റഡ്, കോട്ടയം**

(Malayalam)
Sooryante Athmakatha
Essay
By UMAYANALLOOR BALAKRISHNA PILLAI
Anchal, via Punaloor
First Published January 1957
Reprinted September 1959
Printed at
INDIA PRESS, KOTTAYAM
Price Re. 0.60
Copyright by
Umayanalloor Balakrishna Pillai
Publishers:
**Sahithya Pravarthaka Co-operative Society Ltd., Kottayam, Kerala State**
Sales Department:
NATIONAL BOOKSTALL
Kottayam Kerala State India

# സൂര്യന്റെ ആത്മകഥ

ഉമയനല്ലൂർ ബാലകൃഷ്ണപിള്ള

4673
L 255

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

വില ക. 0.60

## ഉമയനല്ലൂർ ബാലകൃഷ്ണപിള്ളയുടെ

## കൃതികൾ

| | |
|---|---|
| സൂര്യന്റെ ആത്മകഥ | (പ്രബന്ധം) |
| ദാദാബായി നവറോജി | (ജീവചരിത്രം) |
| ഭാരതഭാസ്കരൻ | ,, |
| കുബേരതസ്കരൻ | (ഡിററക്റ്റീവ്) |
| വസന്തമോഹിനി | ,, |
| രക്താർപ്പണം | (നാടകം) |
| ജലരാക്ഷസൻ | (ബാലസാഹിത്യം) |
| ഭൂഗർഭത്തിലേയ്ക്കു് | ,, |
| മറുനാട്ടിലെ മനുഷ്യർ | ,, |
| മരിക്കാത്ത മനുഷ്യർ | ,, |
| സാഹിത്യകൗതുകം | (ചെറുകഥകൾ) |

S984 B442 24/59-60 — 1000

ശ്രീകൃഷ്ണവിലാസം
മലയിൻകീഴ്
4673
L255

# സൂര്യൻെറ ആത്മകഥ

## എനിക്കു് എത്ര വയസ്സുണ്ടു്?

എനിക്കു് എത്ര വയസ്സുണ്ടു്! നിങ്ങൾക്കു പറയാമോ? എന്താണു് നിങ്ങൾ അന്യോന്യം മിഴിച്ചു നോക്കുന്നതു്? നിങ്ങളുടെ നാട്ടിൽ ഏററവും പ്രായം കൂടിയ ആളോടു ചോദിച്ചുനോക്കൂ! അദ്ദേഹം പറയുകില്ല. ആരും പറയുകില്ല. എൻെറ പ്രായത്തെപ്പററി കൃത്യമായ കണക്കു് ആരും പറയുകില്ല. എന്താണെന്നോ? മനുഷ്യനും ഭൂമിയും ഉണ്ടാകുന്നതിനു വളരെ മുൻപാണു് ഞാൻ ജനിച്ചതു്. വളരെ മുൻപെന്നു പറഞ്ഞാൽ, കോടികോടി വർഷങ്ങൾക്കപ്പുറം. ഞാൻ ഉണ്ടായി കോടികോടി വഷ്ങ്ങൾ കഴിഞ്ഞാണു് ഭൂമി ഉണ്ടായതു്. ഭൂമി ഉണ്ടായി കോടികോടി വർഷങ്ങൾ കഴിഞ്ഞു് മനുഷ്യൻ ഉണ്ടായി. മനുഷ്യൻ ഉണ്ടായിട്ടുതന്നെ അനേകലക്ഷം വർഷങ്ങളായി. പിന്നെങ്ങനെയാണു് ഞാൻ എന്നുണ്ടായി എന്നു് നിങ്ങൾ അറിയുന്നതു്!

എനിക്കും നിങ്ങളെപ്പോലെ ജനനവും മരണവും ഉണ്ടു്. പക്ഷേ, അതു നിങ്ങളുടേതുപോലല്ല. നിങ്ങൾ ജനിച്ചു് എത്രവർഷം കുഞ്ഞായിട്ടിരിക്കും? എത്രകാലം യുവാവായിക്കഴിയും? എത്രനാൾ വൃദ്ധനായിക്കഴിയും? ആകെക്കൂടി ഒരു നൂറുവഷം! അല്ലെങ്കിൽ ഒരു നൂററി ഇരുപതാകട്ടെ! അതാണല്ലോ നിങ്ങളുടെ പുരുഷായുസ്സ്! ഇതു് എന്റെ ഒരു നിമിഷമില്ല. അതിന്റെ ആയിരത്തിൽ ഒരു അംശവുമില്ല. നിങ്ങളുടെ കോടികോടി പുരുഷായുസ്സ് എന്റെ ഒരു നാഴികയില്ല. എന്റെ ജീവിതകാലത്തെപ്പററി നിങ്ങൾ എങ്ങനെ അറിയും? അല്പായുസ്സുകൾ!

നിങ്ങളിൽ ഒരാൾക്കു് ആയുസ്സിൽ എത്ര കോഴിയെ വളത്താം? എത്ര തലമുറകളെ വളത്താമെന്നാണ ചോദ്യം. ഒരു പത്തിരുപതു തലമുറകളെ വളത്താമെന്നു നിങ്ങൾ പറയും. ഓ! സാരമില്ല. ഞാൻ നിങ്ങളുടെ അനേകം തലമുറക്കാരെ കണ്ടിട്ടുണ്ടു്. നിങ്ങളുടെ പണ്ടുപണ്ടുള്ള അപ്പൂപ്പന്മാർ നാണംമറയ്ക്കാതെ നടന്നതു കണ്ടിട്ടുണ്ടു്. അവർ കാട്ടിലും ഗുഹയിലും കഴിയുന്നതു കണ്ടിട്ടുണ്ടു്. കായും കിഴങ്ങും പച്ചയായി തിന്നുന്നതു കണ്ടിട്ടുണ്ടു്. ചത്തുവീണ ജന്തുക്കളുടെ ചീഞ്ഞഴിഞ്ഞ പച്ചയിറച്ചി കടിച്ചുകീറി വിഴുങ്ങുന്നതും കണ്ടിട്ടുണ്ടു്. അവർ കൃഷിചെയ്യാൻ പഠിച്ചതു് എനി

ക്കറിയാം. അവർ കൂട്ടംകൂടി താമസിച്ചതറിയാം. കുടില്ല കെട്ടിയതറിയാം. വീടുവച്ചതറിയാം. ഗോത്രങ്ങളായി പിരിഞ്ഞതറിയാം. തമ്മിൽ ശണ്ഠകൂടിയതറിയാം. എൻേറതെന്നും നിൻേറതെന്നും അതിരിട്ടതറിയാം. ഭൂമി സ്വന്തമാക്കിയതറിയാം. കുടുംബങ്ങൾ ഉണ്ടായതറിയാം. രാജ്യവും രാജാവും ഉണ്ടായതറിയാം. ശക്തൻ ശക്തിയില്ലാത്തവനെ അടിമയാക്കിയതറിയാം. പരിഷ്കാരത്തിലേക്കു പടിപടിയായി ഉയൎന്നതറിയാം. പ്രകൃതിരഹസ്യങ്ങൾ കണ്ടെത്തിയതറിയാം. എന്തിന്! ഇന്നത്തെ മനുഷ്യൻ അണുബോംബിട്ട് അന്യോന്യം കൊന്നൊടുക്കാൻ മറത്തരം കാട്ടിയതുവരെയുള്ള സകല ചരിത്രവും വിസ്തരിച്ചറിയാം.

നിങ്ങളുടെ ഭൂമി എന്റെ ഒരംശമാണ്. ഒരു ചെറിയ അംശം! എന്നിൽനിന്ന് അതു തെറിച്ചുവീണ് വളരെക്കാലം ആകാശത്തിൽ തത്തിനിന്നു. അതു തണുക്കാൻ കോടികോടി വർഷങ്ങൾ വേണ്ടിവന്നു. എന്നിട്ടും അതിലൊരു പുല്ലുപോലും മുളച്ചില്ല. കരയും കടലും വേർതിരിഞ്ഞില്ല. മഴയും മഞ്ഞും വീണില്ല. കാററു വീശിയില്ല. പുറമേ തണുത്തു. അകം അപ്പോഴും ഉരുകിത്തിളച്ചുകൊണ്ടിരുന്നു. എപ്പോഴും പൊട്ടിത്തെറിപ്പും ഭൂകമ്പവും! നിങ്ങളുടെ ആയിരമായിരം അണുബോംബുകൾ ഒന്നിച്ചുപൊട്ടുന്ന കോലാഹലമായി

രുന്നു അന്ന്. ഇന്നും ഭൂമിയുടെ ഉള്ള് ഉരുകിത്തിളച്ച് ഇരിക്കുകയാണ്. പുറമേ കട്ടിയുണ്ട്. അതുകൊണ്ട് പൊട്ടിത്തെറിപ്പുകൾ അന്നത്തെപ്പോലില്ല.

ഭൂമി നല്ലതുപോലെ തണുത്തതിനുശേഷമാണ് പുല്ലും ചെടിയും മുളച്ചത്. കാടും കാന്താരവും ഉണ്ടായത്. കടലും കരയും തിരിഞ്ഞത്. ഇങ്ങനെ കോടി കോടിവഷം കഴിഞ്ഞു. കടലിൽ ഒരു ജീവാങ്കുരം ഉണ്ടായി. അതിനു പല പരിണാമങ്ങളും വന്നു. ഒടുവിൽ കടലിലെ ജന്തു കരപററി. അനേകായിരം വഷം അങ്ങനെ കഴിഞ്ഞു. കരയിലെ ജന്തുവിന്റെ ആകൃതിയും പ്രകൃതിയും മാറി. ജന്തുലോകമുണ്ടായി. മനുഷ്യനുണ്ടായി. പിന്നീട് എത്രലക്ഷം വർഷം കടന്നുപോയി! പിന്നെങ്ങനെ ഇന്നു ജീവിക്കുന്നവർ എന്നെപ്പററി അറിയും!

## ഞാനാണ് നിങ്ങളുടെ രക്ഷിതാവ്

ഞാൻ ജനിച്ചിട്ട് കോടികോടി വഷങ്ങളായെന്നു പറഞ്ഞില്ലേ! എന്നാൽ ഞാനിപ്പോഴും ചെറുപ്പമാണ്. ഞാൻ ചെറുപ്പത്തിലേക്കു കാലൂന്നിയിട്ടും കോടികോടി വർഷങ്ങളായി. പിന്നീടത്രേ ഭൂമി ഉണ്ടായത്.

നിങ്ങളുടെ പണ്ടത്തെ തലമുറക്കാർ എല്ലാം

എന്നെ വളരെ ബഹുമാനിച്ചിരുന്നു. മിക്കപേരും രാവിലെ എഴുന്നേററ് എന്നെ സാഷ്ടാംഗം നമസ്കരിച്ചിരുന്നു. എനിക്കുവേണ്ടി പലരും ക്ഷേത്രങ്ങൾ നിൎമ്മിച്ചിട്ടുണ്ട്. യജ്ഞങ്ങൾ നടത്തിയിട്ടുണ്ട്. "സൂൎയ്യഭഗവാനേ! ഞങ്ങളെ രക്ഷിക്കണേ!" എന്നു പ്രാൎത്ഥിച്ചിട്ടുണ്ട്. ഇന്നും ചിലരു ചെയ്യുന്നുണ്ട്. ഇതൊരു മാത്തരമെന്നു് ചിലർ വിചാരിച്ചേക്കാം. അല്ല. കേൾക്കു! പറയാം. ഞാനാണ് നിങ്ങളുടെ എല്ലാം രക്ഷിതാവ്. ഞാനില്ലെങ്കിൽ നിങ്ങളില്ല. എന്നിൽനിന്നും ഭാഗം പിരിഞ്ഞുപോയെങ്കിലും ഞാനാണ് നിങ്ങളുടെ ഭൂമിയെ നിലനിറുത്തുന്നതു്. നിങ്ങളെ സൃഷ്ടിക്കുന്നതു്. വളൎത്തുന്നതു്. നശിപ്പിക്കുന്നതു്. നിങ്ങളുടെ ഭൂമിയിലുള്ള എല്ലാം സൃഷ്ടിക്കുന്നതു ഞാനാണ്. വളൎത്തുന്നതും നശിപ്പിക്കുന്നതും ഞാനാണ്.

എൻെറ ചൂടില്ലെങ്കിൽ ചെടികൾ മുളയ്ക്കുകില്ല. വളരുകില്ല. പൂക്കുകില്ല. കായ്ക്കുകില്ല. ഞാൻ ഉദിക്കുന്നതിനു മുൻപ് പുഷ്പങ്ങൾ വിടരാത്തതെന്തു്? പക്ഷികൾ പാടാത്തതെന്തു്? ഞാനില്ലെങ്കിൽ നിങ്ങൾ ഉറങ്ങുന്നതെന്തു്? ഞാനാണു നിങ്ങൾക്കെല്ലാം ഓജസ്സും ജീവനും തരുന്നതു്. വളർച്ചയും വികാസവും നൽകുന്നതു്. അതിനാവശ്യമായ ഊർജ്ജം നിങ്ങൾക്കെങ്ങനെ കിട്ടുന്നു? എന്നിൽനിന്നുമാണ്. നിങ്ങ

ളുടെ വിറകിൽ, കല്ക്കരിയിൽ, എണ്ണയിൽ, വെള്ളത്തിൽ എല്ലാം—ഊർജ്ജമുണ്ട്. അത് എങ്ങനെ വന്നു? നിങ്ങൾ ആലോചിച്ചുവോ? എന്റെ ശക്തിയുടെ അംശം പണ്ടേ ഞാൻ അവയിൽ നിക്ഷേപിച്ചിട്ടുണ്ട്. അതാണ് നിങ്ങൾക്കിന്നു കിട്ടുന്ന എല്ലാത്തരം ഊർജ്ജവും. ഞാൻ ഇല്ലെങ്കിൽ വെയിലുണ്ടോ? മഴയുണ്ടോ? മഞ്ഞും കാറ്റുമുണ്ടോ? ഋതുക്കൾ ഉണ്ടാകുമോ? രണ്ടുദിവസം ഞാൻ ഇല്ലെന്നുവയ്ക്കൂ. എന്തുപ്രയാസമായിരിക്കും നിങ്ങൾക്ക്? നിങ്ങൾ കൂററിരുട്ടിൽ ഇരുന്നു തപ്പിപ്പോകും. തണുപ്പേററു മരവിച്ചുപോകും. ഓ! വിളക്കു കത്തിക്കും, അല്ലേ? ശുദ്ധഭോഷ്ക്ക്! നിങ്ങളുടെ വിളക്കിൽ ഊർജ്ജം എങ്ങനെ വന്നു? എന്റേതു്. നിങ്ങളുടെ എണ്ണവിളക്കിലും ഇലക്ട്രിക്കുവിളക്കിലും എല്ലാം എന്റെ ഊർജ്ജമാണ്. നിങ്ങൾക്ക് ഇരിക്കാനും നടക്കാനും എന്തു ചെയ്യാനും ഊർജ്ജം വേണം. അത് എവിടെനിന്നു കിട്ടി? എന്റേതു്. എന്റെ ശക്തിയിൽനിന്നും സംഭരിച്ചതു്. നിങ്ങളറിയുന്നില്ല, ഞാൻ നിങ്ങൾക്കുവേണ്ടി എന്തുപകാരം ചെയ്യുന്നു എന്ന്. നിങ്ങൾ എന്തുചെയ്താലും ഞാൻ പൊറുക്കും. നിങ്ങൾ എന്റെ കുഞ്ഞുങ്ങളല്ലേ! പക്ഷേ, നിങ്ങൾ എന്നെ മറക്കരുതു്. ഞാൻ ചിലപ്പോൾ കോപംകൊണ്ടു ജ്വലിച്ചുപോകും. ആർക്കും കോപം വരാമല്ലോ.

ഞാൻ രണ്ടു ദിവസം കയത്തുനിന്നാൽ നിങ്ങൾ പിന്നെ ഇല്ല. എരിതീയിലെ എറുമ്പുപോലെ നിങ്ങൾ പൊരുപൊരാ പൊരിഞ്ഞുപോകും. നിങ്ങളുടെ അണുബോംബെല്ലാം എനിക്കു 'പൂവാ'സാണ്. അങ്ങ് ആയിരംനാഴിക അകലത്തിൽ ഒരു ചക്കക്കുരു പൊട്ടിയാലെന്ത്?

ഇനിയും പറയാം. കേട്ടോളൂ! എന്റെ രശ്മിയിൽ ചില ഗുണങ്ങളെല്ലാം ഉണ്ടു്. ലോഹാംശങ്ങളും ലവണാംശങ്ങളും അതിൽ അടങ്ങിയിട്ടുണ്ടു്. ഇവയിൽ പലതും നിങ്ങളുടെ വളർച്ചയ്ക്കാവശ്യമാണ്. ഭൂമിയിലെ പല പദാർത്ഥങ്ങളിൽനിന്നാണ് നിങ്ങളുടെ ശരീരം ഉണ്ടായിട്ടുള്ളതു്. നിങ്ങൾ വളരുന്നതും അവ ഭക്ഷിച്ചുതന്നെ. ഈ വളർച്ചയിൽ നിങ്ങൾക്കാവശ്യമായ ചില ഘടകങ്ങൾ ഭൂമിയിൽനിന്നും കിട്ടിയില്ല എന്നു വരും. അവ എന്റെ രശ്മിയിൽ കാണും. അതിന് നിങ്ങൾ വില തരേണ്ട. വില തരാൻ നിങ്ങൾക്കാവില്ല. അതുകൊണ്ടാണ് വില വേണ്ടെന്നുവച്ചതു്. നിങ്ങൾതന്നെയല്ലേ ഈ വിലയും താരിപ്പുമൊക്കെ ഉണ്ടാക്കിയവർ! വാസ്തവത്തിൽ എനിക്കതു് ഇഷ്ടമുള്ള കാര്യമല്ല. നിങ്ങൾക്കെങ്ങനെ ഈ ദുർബ്ബുദ്ധി ഉണ്ടായി? എല്ലാം എല്ലാവരുംകൂടി അനുഭവിക്കുവിൻ! ഒന്നും ഒരാളിന്റെ സ്വന്തമല്ല. നിങ്ങൾ അദ്ധ്വാനിക്കണം.

കൂടുതൽ ഞാൻ വിളയിച്ചുതരും. ആഹാരത്തിനുവേണ്ടിയല്ലേ നിങ്ങളുടെ കലഹം? അതു കാണുമ്പോൾ എനിക്കു വല്ലാതെ ദ്വേഷം വന്നിട്ടുണ്ടു്. നിങ്ങളുടെ പടക്കപ്പലും പറക്കുംകോട്ടയും എല്ലാം ഒന്നോടെ തകൎത്തുകളയട്ടോ എന്നു് എനിക്കു തോന്നിയിട്ടുണ്ടു്. നിങ്ങൾക്കെന്തിനു വിശേഷബുദ്ധി തന്നു? തമ്മിൽ തല്ലി നശിക്കാനോ? അങ്ങനെയാണെങ്കിൽ വിശേഷബുദ്ധി ഇല്ലെന്നു് നിങ്ങൾ ആക്ഷേപിക്കുന്ന ജന്തുക്കൾ എത്ര ഭേദം!

ആ—എൻെറ രശ്മിയുടെകാൎയ്യം പറഞ്ഞില്ലല്ലോ. നിങ്ങളുടെ ശരീരപോഷണത്തിനാവശ്യമായ ജീവകങ്ങൾ എൻെറ രശ്മിയിലുണ്ടു്. വേണ്ടുവോളം എടുത്തുകൊള്ളുവിൻ! നിങ്ങൾ അതിരാവിലെ എഴുനേൽക്കണം. കണ്ണും മുഖവും കഴുകി എന്നെത്തന്നെ കാത്തുനിൽക്കണം. കഴിയുമെങ്കിൽ രാവിലേ ശുദ്ധജലത്തിൽ കുളിക്കണം. “പ്രാതഃസ്നാനം ബുദ്ധിവിശേഷം” എന്നു് കേട്ടിട്ടില്ലേ? കാലത്തെ കുളിച്ചാൽ ബുദ്ധി തെളിയും. രാവിലേ എഴുനേൽക്കുന്നവരോടു് എനിക്കു് വളരെ സ്നേഹമാണു്. എന്നെക്കാണുമ്പോൾ സാഷ്ടാംഗം നമസ്കരിക്കുന്നവർ വളരെയുണ്ടു്. ഈ സാഷ്ടാംഗനമസ്കാരം ആയുസ്സിനും ആരോഗ്യത്തിനും വളരെ പററിയതാണു്. നിങ്ങൾ എന്നെ നമസ്കരിക്കു

മ്പോൾ ഞാൻ എൻെറ ആയിരം കൈകൾകൊണ്ടും നിങ്ങളെ തലോടും. എൻെറ കൈകൾ എൻെറ രശ്മി യാണെന്നു് അറിയാമല്ലോ. നിങ്ങളുടെ വളൎച്ചയ്ക്കാവശ്യമായ ജീവകങ്ങൾ എൻെറ കൈകളിലുണ്ടു്. നിങ്ങളുടെ ഡോക്ടർ നടത്തുന്ന കുത്തിവയ്പൊന്നുമല്ലിതു്. എൻെറ കൈയിലുള്ള മരുന്നു് ഏതു ഡോക്ടൎക്കു കിട്ടും! നിങ്ങളുടെ 'പോട്ടാ' ഭൂമിയിലുള്ള മരുന്നല്ലേ ഡോക്ടൎക്കു കിട്ടൂ! അതിദിവ്യമായ ഔഷധങ്ങൾ എൻെറപക്കലുണ്ടു്. നിസ്സാരമെന്നു തള്ളുന്നവൎക്കു് ഞാൻ അതു കൊടുക്കാറില്ല. "കാലത്തെ എഴുനേല്ക്കാത്തവൻ കാലൻെറ വായിലേക്കു്," എന്നാണു പഴഞ്ചൊല്ലു്.

ഉഷസ്സിൽ, എൻെറ കോടാനുകോടി കിരണങ്ങൾ വായുവിനെ ശുദ്ധിയാക്കും. ആ ശുദ്ധവായു ശ്വാസകോശം നിറയെ ഉൾക്കൊള്ളണം. ക്രമേണ പുറത്തേക്കു വിടണം. ശ്വാസകോശത്തിൽ തങ്ങിനില്ക്കുന്ന അശുദ്ധവായു അപ്പോൾ പുറത്തേക്കുപോകും. പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്ന ഗുണം ഇതുകൊണ്ടുണ്ടാകും. ഇതൊരു നല്ല പരിശീലനമാണു്. ശീലിച്ചുനോക്കു!

## എൻെറ കഥ

എൻെറ കഥ കേൾക്കാൻ നിങ്ങൾ കാത്തിരിക്കയാണു്, അല്ലേ? പറയാം. ശ്രദ്ധിച്ചിരിക്കണം. പണ്ടു

പണ്ടു്, എന്നുവെച്ചാൽ കോടികോടി വർഷങ്ങൾക്ക പ്പുറമാണു്. നിങ്ങൾ ആകാശത്തു കാണുന്ന നക്ഷത്ര മൊന്നും അന്നില്ല. വെറും ശൂന്യമായിരുന്നു ആകാശം. ആദിയും അന്തവുമില്ല. അനക്കവും ആവിയുമില്ല. ഭയം തോന്നുന്ന നിശ്ശബ്ദത! അവിടെ എങ്ങനെയോ ഒരു ചലനം ഉണ്ടായി. ഈ ചലനം ആകാശത്തു് മേഘച്ഛായകൾ ഉണ്ടാക്കി. ധാതുദ്രവ്യങ്ങളുടെ വാത കങ്ങൾ അടങ്ങിയ ഈ മേഘാവരണങ്ങളത്രേ 'ഛാ യാപഥങ്ങൾ' എന്നു പറയുന്നതു്. ഇവയെപ്പററി നി ങ്ങൾക്കു വല്ല രൂപവുമുണ്ടോ? കോടികോടി നാഴിക നീളവും വീതിയുമുണ്ടവയ്ക്കു്. ആയിരമായിരം നാഴിക ആഴവുമുണ്ടു്. ഈ ഛായാപഥങ്ങൾ ആകാശത്തിൽ ക്കൂടി അതിവേഗം പാഞ്ഞുകൊണ്ടിരുന്നു. അവയിൽ പലതും 'സ്പ്രിങ്ങു'പോലെ പിരിഞ്ഞുപിരിഞ്ഞാ ണ് സഞ്ചരിച്ചതു്. ഇതൊരു ഊഹമാണു്. വാസ്ത വം ആക്കറിയാം! ഛായാപഥങ്ങളുടെ ദ്രുതഗതിയിൽ അവ അങ്ങിങ്ങു വട്ടക്കെട്ടി കട്ടിപൂണ്ടു. അവയ്ക്കു ചൂടും വെളിച്ചവും ഉണ്ടായി. പലതും കൂട്ടിമുട്ടുകയും ചിന്നി ച്ചിതറുകയും ചെയ്തു. അവ വീണ്ടും ഛായാപഥങ്ങളാ യി അനന്തമായ ആകാശത്തിൽ പറന്നുകൊണ്ടിരു ന്നു. ഈ ഗതിയിൽ വീണ്ടും അവ പ്രഭാപുഞ്ജങ്ങളായി വീണ്ടും കൂട്ടിമുട്ടി. ഇത്തരം പ്രഭാപുഞ്ജങ്ങളത്രേ

നക്ഷത്രങ്ങൾ. അവ നശിച്ചും രൂപംപൂണ്ടും കാലങ്ങൾകടന്നുപോയി. ഇങ്ങനെയുണ്ടായ നക്ഷത്രകോടികളിൽ ഒന്നാണ് ഞാൻ. ഞങ്ങളെല്ലാംകൂടി ഒരു ഛായാപഥത്തിൻെറ കോണിലെങ്ങാൻ ഒതുങ്ങാനേയുള്ളു.

മലയിൻകീഴ്

നക്ഷത്രങ്ങളിൽനിന്നും ഗ്രഹങ്ങൾ ഉണ്ടാകുന്നു. എന്നിൽനിന്നും നിങ്ങളുടെ ഭൂമിയും മററു ചില ഗ്രഹങ്ങളും ഉണ്ടായി. ഞാൻ ഒരു നക്ഷത്രവുമായി കൂട്ടിമുട്ടിയപ്പോൾ തെറിച്ചുപോയ അംശങ്ങളാണ് ഗ്രഹങ്ങൾ എന്നും ചിലർ പറയുന്നു. മററുചില അഭിപ്രായക്കാരുമുണ്ട്. എന്നെക്കാൾ വലിയ ഒരു നക്ഷത്രം എൻെറ സമീപംകൂടി പണ്ടൊരിക്കൽ കടന്നുപോയി. അയാളുടെ പിടിയിൽ എൻെറ കുറെഭാഗം അങ്ങു നീണ്ടുചെന്നു. അവ ആകാശത്തിൽ അവിടവിടെ ഗോളാകൃതിയിൽ നിലകൊണ്ടു. ആ നക്ഷത്രം എങ്ങോട്ടോ മാറിപ്പോയി. ഇല്ലെങ്കിൽ എന്നിൽനിന്നും വേർപെട്ട ഭാഗങ്ങൾ എന്നേക്കും എനിക്കു നഷ്ടമാകുമായിരുന്നു. ഈ ഗോളങ്ങൾ അന്നുമുതൽ എന്നെ ചുററിക്കറങ്ങാൻ തുടങ്ങി. അതൊക്കെ എങ്ങനെയോ ആകട്ടെ! എന്നിൽനിന്നാണ് നിങ്ങൾ താമസിക്കുന്ന ഭൂമി ഉണ്ടായത്. കണിശം. ഇതുപോലെ മററു നക്ഷ

ത്രങ്ങളിൽനിന്നും ഗ്രഹങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിലും ഭൂമിയിലേപ്പോലെ ജീവജാലങ്ങൾ കാണും.

എന്നിൽനിന്നുണ്ടായ ഗ്രഹങ്ങൾ എന്നെ ചുററി പ്രദക്ഷിണം വയ്ക്കുകയാണ്. അച്ഛന്റെ ചുററും കിടാങ്ങൾ ഓടിക്കളിക്കാറില്ലേ! അതുപോലെ.

ഞാനും എന്നോടൊന്നിച്ച് നിങ്ങളുടെ ഭൂമി ഉൾപ്പെട്ട ഗ്രഹങ്ങളും അതിവേഗം ഓടുകയാണ്. എങ്ങോട്ടെന്നു ചോദിക്കരുത്. എനിക്ക് അറിഞ്ഞുകൂടാ. ആർക്കും അറിഞ്ഞുകൂടാ. ഓടുന്നുണ്ട്. നിശ്ചയം. ഞാൻ മാത്രമല്ല, എല്ലാ നക്ഷത്രങ്ങളും ഇങ്ങനെ ഓടുന്നുണ്ട്. ഈ ഓട്ടത്തിൽ കൂട്ടിമുട്ടുകില്ലേ എന്നു നിങ്ങൾ ചോദിക്കും. ഞങ്ങൾ ദൂരെക്കൂടിയാണ് ഓടുന്നത്. വളരെ ദൂരത്തിൽക്കൂടി. നിങ്ങൾ അവിടെനിന്നു നോക്കിയാൽ ഞങ്ങൾ അടുത്തടുത്തു നില്ക്കുന്നെന്നു തോന്നും. അനന്തമായ ആകാശത്തിൽ എത്രവേണമെങ്കിലും ഇടമുണ്ട്. നിങ്ങളുടെ വണ്ടികളെപ്പോലെ കൂട്ടിമുട്ടാൻ ഇവിടെ സാദ്ധ്യമല്ല. നിങ്ങളുടെ ഭൂമിയും നിങ്ങളെല്ലാവരും ഈ യാത്രയിൽ എന്നോടൊന്നിച്ചു വരുന്നുണ്ടെന്നു പറഞ്ഞല്ലോ. നിങ്ങൾ ഇന്നലെ ഇരുന്ന ദിക്കിലല്ലാ വാസ്തവത്തിൽ ഇന്ന് ഇരിക്കുന്നത്. കോടികോടി നാഴിക നിങ്ങൾ ഇതിനകം എന്നോ

ടൊത്തു യാത്രചെയ്യുകയിരിക്കുന്നു. നാളെ ഈ സമയത്ത് നിങ്ങൾ എവിടെ ആയിരിക്കും!

## അവരിൽ പലരും വലിയവരാണ്

നിങ്ങൾ കാണുന്ന പല നക്ഷത്രങ്ങളും എന്നെക്കാൾ വലിയ സൂര്യന്മാരാണ്. അവ നിങ്ങളിൽ നിന്നും എന്നെക്കാൾ വളരെ അകലത്തിൽ നില്ക്കുന്നു. അതുകൊണ്ടാണ് അവ ചെറുതെന്നു തോന്നുന്നത്. നിങ്ങളോട്ട് ഏററവും അടുത്ത നക്ഷത്രം ഞാനാണ്. ഞാൻ എത്ര അകലത്തിലാണെന്നു നിങ്ങൾക്ക് അറിയാമോ?

## ഞാൻ ഒരു മഹാസാമ്രാജ്യമാണ്

ഞാൻ ഒരു മഹാസാമ്രാജ്യമാണ്. എന്റെ അതിത്തിപ്രദേശത്തെത്താൻ നിങ്ങൾ ഒൻപതുകോടി മുപ്പത്തെട്ടുലക്ഷം മൈൽ സഞ്ചരിക്കേണ്ടതുണ്ട്. അത്രയും സഞ്ചരിക്കാൻ നിങ്ങൾക്കു കഴിയുമോ? കഴിഞ്ഞെന്നുതന്നെ വെയ്ക്കുക. എന്നാലും എന്നെ ശരിക്കറിയാൻ നിങ്ങൾക്കു സാദ്ധ്യമല്ല. എന്റെ പുറംചട്ടയിൽ തൊടാനേ നിങ്ങൾക്കു കഴിയൂ. അവിടെനിന്നും കോടികോടി മൈൽ പിന്നെയും പറന്നുവന്നാൽ ഞാൻ എന്താണെന്നു നിങ്ങൾക്കു മനസ്സിലാക്കാം. നിങ്ങളോട്ട് ഏററവും അടുത്തുനില്ക്കുന്ന ഞാൻ ഇത്ര

മാത്രം ദൂരത്താണെങ്കിൽ മററു നക്ഷത്രങ്ങളുടെ കഥ പറയാനുണ്ടോ!

## പ്രകാശത്തിന്റെ കണക്ക്

നിങ്ങൾ കാണുന്ന പ്രകാശം എത്രകോടി മൈൽ സഞ്ചരിച്ചാണ് അവിടെ വന്നെത്തുന്നതെന്നറിയാമോ? പ്രകാശം അഥവാ ദീപ്തി ഒരു വർഷംകൊണ്ടു് അഞ്ചുലക്ഷത്തി എണ്ണത്തേഴായിരത്തി അറുന്തൂററി ആറു കോടി എണ്ണത്തെട്ടുലക്ഷത്തി എണ്ണതിനായിരം (5,87,606,88,80,000) മൈൽ സഞ്ചരിക്കുമെന്നാണ് കണക്ക്. അങ്ങനെ അതിവേഗം സഞ്ചരിക്കുന്ന പ്രകാശം ഒരു നക്ഷത്രത്തിൽനിന്നും ഭൂമിയിലെത്താൻ വേണ്ടിവരുന്ന വർഷത്തിന് ഒരു പ്രകാശവർഷം അഥവാ ദീപ്തിവഷം എന്നു പറയുന്നു. ലക്ഷത്തിൽച്ചില്പാനം ദീപ്തിവർഷം അകലെ നില്ക്കുന്ന നക്ഷത്രങ്ങളുണ്ടു്. എട്ടുലക്ഷം ദീപ്തിവർഷം അകലത്തിൽ നിൽക്കുന്ന നക്ഷത്രങ്ങളെപ്പോലും നിങ്ങളിൽ ചിലർ കണ്ടിട്ടുണ്ടുപോലും. എന്നാൽ ഈ നക്ഷത്രമണ്ഡലത്തിനും അപ്പുറം പിന്നെയും പലതു കണ്ടെത്തുവാനുണ്ടു്.

## അനേകം പ്രപഞ്ചങ്ങൾ

നക്ഷത്രമണ്ഡലത്തിനാണ് നിങ്ങൾ താരകപ്രപഞ്ചം എന്നു പേരിട്ടിരിക്കുന്നതു്. ഈ പ്രപഞ്ച

ത്തിലെ അംഗങ്ങളാണ് ഞങ്ങൾ. എന്നാൽ ഞങ്ങൾക്കപ്പുറം വേറേ പ്രപഞ്ചങ്ങളുമുണ്ടു്. ലക്ഷക്കണക്കിന് പ്രപഞ്ചങ്ങൾ ഉണ്ടെന്നറിയണം. അവയെപ്പററി പറഞ്ഞുതുടങ്ങിയാൽ നിങ്ങൾ അത്ഭുതംകൊണ്ടു മരവിച്ചിരുന്നുപോകും.

## ഞാനും ഭൂമിയും

നിങ്ങളുടെ ഭൂമി നിങ്ങൾക്കു വലുതാണ്. എനിക്കോ! അതൊരു വെറും മണൽത്തരി. നിങ്ങളുടെ ഭൂമിയെക്കാൾ 12,80,000 മടങ്ങു വലുതാണ് ഞാൻ. ഒന്നുകൂടി വിശദമാക്കാം. പതിമൂന്നുലക്ഷം ഭൂമികൾ അടിച്ചുടച്ചു് ഒന്നായി വാർത്തെടുത്താൽ എന്റെ വലിപ്പം വരും. നിങ്ങളുടെ ഭൂമിക്ക് എന്തു ഭാരമുണ്ടെന്നറിയാമോ? അതിന്റെ 32,40,000 മടങ്ങ് എനിക്കു ഭാരമുണ്ടു്. ഭൂമിയെപ്പോലെ കട്ടിയുള്ള പുറംചട്ട എനിക്കില്ല. അവിടെനിന്നു നോക്കിയാൽ കട്ടിയുള്ള ഒരു ഗോളമാണ് ഞാൻ എന്നു തോന്നും. നിങ്ങൾക്ക് ദൂരദർശിനിക്കണ്ണാടിയില്ലേ? ഒന്നു നോക്കൂ! എന്തു്? ഭയം തോന്നുന്നു, അല്ലേ?

## എന്റെ ശരീരഘടന


എന്റെ ശരീരം കട്ടിയുള്ളതല്ല. വെറും വാതകമാണ്. പദാൎത്ഥങ്ങൾക്ക് മൂന്ന് അവസ്ഥയില്ലേ,

ഖരം, ദ്രവം, വാതകം എന്നു്? നിങ്ങളുടെ ഭൂമി ഒരു ഖരവസ്തുവാണു്. സമുദ്രം ദ്രവമാണു്. ഭൂമി എന്നിൽ നിന്നും വേർപെട്ടുപോയപ്പോൾ അതും വാതകമായിരുന്നു. അതു് എന്നെക്കാൾ എത്രയോ ചെറുതാണു്. അതിനാൽ എളുപ്പം തണുത്തുറഞ്ഞു. പുറം കട്ടിയുമായി. ഇന്നും ഭൂമിയുടെ ഉൾഭാഗം കട്ടിയായായിട്ടില്ല. ദ്രവവും വാതകവുമാണു്. ഏററവും നടുക്കു് ഇന്നും വാതകമാണു്. അതിനപ്പുറം ദ്രവമായി തണുത്തിട്ടുണ്ടു്. അതിനും മുകളിൽ കട്ടി. ഈ പുറംചട്ടയിലാണു് കടലും കരയും എന്നു മനസ്സിലാക്കണം.

എന്റെ പുറംചട്ടയിൽ തൊടാൻ നിങ്ങൾ തൊണ്ണൂറുകോടി മുപ്പതുലക്ഷത്തിൽപ്പരം മൈൽ പറന്നു വരണമെന്നു പറഞ്ഞല്ലോ. എന്റെ ഈ പുറംചട്ടയ്ക്കു് 'കൊറോണാ' (Corona) എന്നാണു് നിങ്ങളിൽ ചിലർ പറയാറുള്ളതു്. ഈ ചട്ടയ്ക്കു് കോടികോടി മൈൽ വണ്ണമുണ്ടു്. ചട്ടയെന്നു പറഞ്ഞാൽ അതു് പഞ്ഞികൊണ്ടോ പട്ടുകൊണ്ടോ ഒന്നും ഉണ്ടാക്കിയതല്ല. എന്നെ പൊതിഞ്ഞിരിക്കുന്ന ഒരു ആവരണം. നിങ്ങൾ അവിടെനിന്നു നോക്കിയാൽ തിളങ്ങുന്ന വെള്ളിപോലെ കാണാം. നല്ല വെള്ളപ്പട്ടാണെന്നു തോന്നും. എന്റെ പ്രകാശം തട്ടിത്തിളങ്ങുന്ന ഒരുതരം

പൊടിപടലമാണിതു്. ഇതു് അനേകംകോടി മൈൽ അകലത്തിൽ എന്നെ പൊതിഞ്ഞിരിക്കുന്നു.

ഇനിയും കുറേക്കൂടി എന്നിലേക്കു് അടുത്തുവരിക. അഗാധമായ ഒരു തീക്കടലിലേക്കാണു് നിങ്ങൾ




ചാടുന്നതു്. അതിതീക്ഷ്ണമായ തീജ്ജ്വാല. നിങ്ങൾക്കു് കണ്ണടഞ്ഞുപോകും. ഒരുവേള കണ്ണിനു കേടുപററിയെന്നും വരും. സൂക്ഷിച്ചുകൊള്ളണം. കടുംചുവപ്പും നീലവും കലന്ന തീനാമ്പുകൾ നാലുവശത്തേക്കും കുതിച്ചുചാടുകയാണു്. ഈ തീനാമ്പുകളോ? അനേകാ

യിരം നാഴിക നീളമുള്ളവയാണ്. ഇവയുടെ ഗതിവേഗമോ? നിങ്ങൾക്ക് ഊഹിക്കാൻപോലും സാധ്യമല്ല. ഏററവും വേഗംകൂടിയ വിമാനം മണിക്കൂറിൽ എത്രമൈൽ പറക്കും? ഓ! സാരമില്ല. ശക്തിയേറിയ ഒരു വാണം കൊളുത്തിവിട്ടാലോ? അതും സാരമില്ല. എൻെറ ജ്വാല മണിക്കൂറിൽ അറുപതിനായിരം മൈൽമുതൽ അഞ്ചുലക്ഷം മൈൽവരെ വേഗത്തിൽ സഞ്ചരിക്കും. നിങ്ങളുടെ പാവപ്പെട്ട ഭൂമി ഇതിനിടയിലെങ്ങാൻ അകപ്പെട്ടുപോയാൽ നൊടിയിടവേണ്ട, എരിഞ്ഞു ചാമ്പലായിപ്പോകും. അത്രമേൽ സംഹാരശക്തിയുണ്ട് എൻെറ തീനാമ്പുകൾക്ക്. ഒന്നാലോചിക്കൂ, നിങ്ങളുടെ ഭൂമി എത്ര നിസ്സാരമെന്ന്.

ഇനി എൻെറ രണ്ടാമത്തെ ചട്ടയാണ്. ഇതിനും ഒരു പേരുണ്ട്. ക്രോമോസ്പിയർ (Chromosphere). ഇതിന് മൂവായിരംമുതൽ പതിനായിരംവരെ മൈൽ വണ്ണമുണ്ട്. പതിനായിരം മൈൽ ദൂരംവരെ ക്രോമോസ്പിയർ വ്യാപിച്ചിട്ടുണ്ടെന്നൎത്ഥം. നിങ്ങൾ മുൻപു കണ്ട തീജ്ജ്വാലകൾ എങ്ങനെ ഉണ്ടായെന്നറിയാമോ? എരിയുന്ന അബ്ജനകവും മററുചില വാതകങ്ങളുമാണ് ഈ തീനാമ്പുകൾക്കു കാരണം. എൻെറ ഉള്ളിൽനിന്നും പുറപ്പെടുന്ന ഉഗ്രമായ രശ്മി ഈ ജ്വാലകളെ വിഴുങ്ങിക്കളയുന്നു. അതുകൊണ്ട് അവ ശരിക്കു

കാണാൻ നിങ്ങൾക്കു സാധ്യമല്ല. സൂൎയ്യഗ്രഹണം പരിപൂൎണ്ണമായുണ്ടാകുമ്പോൾ നിങ്ങൾ ഒരു ദൂരദർശിനിയിൽക്കൂടി നോക്കൂ! എന്റെ തീക്ഷ്ണമായ കിരണങ്ങൾ അപ്പോൾ ചന്ദ്രൻ മറച്ചുപിടിച്ചിരിക്കും. ആ സമയം ക്രോമോസ്ഫിയറിലെ അഗ്നിശിഖകൾ നിങ്ങൾക്കു കാണാം. വേണമെങ്കിൽ നിങ്ങൾ അതിന്റെ ഒരു പടംകൂടി പിടിച്ചുകൊള്ളൂ! ഇപ്പോൾ എന്റെ രണ്ടാമത്തെ ചട്ടയെപ്പററി നിങ്ങൾ ഗ്രഹിച്ചിരിക്കുമെന്നു കരുതുന്നു. വരിക. ഇനിയും എന്റെ അടുത്തേക്കു വരിക.

എന്റെ ഏററവും ഉൾഭാഗത്തേക്കാണ് നിങ്ങൾ ഇപ്പോൾ കടന്നിരിക്കുന്നത്. ഈ ഭാഗത്തുനിന്നുമാണ് നിങ്ങൾക്കു പ്രകാശവും ഊർജ്ജവും കിട്ടുന്നത്. ഇതാണ് വാസ്തവത്തിൽ എന്റെ ശരീരം. എന്റെ ശരീരം ബാഷ്പരൂപമാണെന്നു പറഞ്ഞല്ലോ. ഇതിന്റെ പേരു് എന്തെന്നറിയാമോ? ഫോട്ടോസ്ഫിയർ (Photosphere). ഫോട്ടോസ്ഫിയറിലെ പ്രകാശമാണ് നിങ്ങൾക്കു കിട്ടുന്നത്. എന്നിൽനിന്നും കോടികോടി മൈൽ അകന്നുനിൽക്കുന്ന അനേകം നഭോപിണ്ഡങ്ങളുണ്ട്. അവയ്ക്കും ഫോട്ടോസ്ഫിയറിലെ പ്രകാശം കിട്ടുന്നു.

## തീകൊണ്ടു് തിരമാല

ഫോട്ടോസ്ഫിയറും നിശ്ചലമാണെന്നു കരു തേണ്ട. എപ്പോഴും ഇളകിമറിഞ്ഞുകൊണ്ടിരിക്കുക യാണു്. കടലിൽ കൊടുങ്കാററുണ്ടാകുന്ന ബഹളമൊ ന്നുമല്ല. എൻെറ ശരീരവും മേലങ്കികളും ഇരമ്പിമറി യുന്ന തിരമാലകൾകൊണ്ടു നിറഞ്ഞിരിക്കുകയാണു്. തീകൊണ്ടുള്ള തിരമാല. ഈ തിരമാലയുടെ ചൂടിനെ പ്പററി നിങ്ങൾക്കൊരു ധാരണയും കാണുകില്ല. ഏതു കടുത്ത സാധനവും ഉരുകിപ്പോകും. ഉരുകിത്തിളച്ചു് ആവിയായിപ്പോകും.

എൻെറ ചൂടു് പലപ്പോഴും നിങ്ങൾക്കു് അസ ഹ്യമായി തോന്നാറില്ലേ? എൻെറ ചൂടേററു് പലക്കും ബോധക്ഷയം വന്നിട്ടുണ്ടു്. ചിലരെല്ലാം മരിച്ചു പോയിട്ടുണ്ടു്. ശരിയാണു്. പക്ഷേ, ഞാൻ എന്തക ലെയാണു നിൽക്കുന്നതെന്നറിയാമോ? എന്നിട്ടും ചൂടു പോലും. അപ്പോൾ ഞാൻ അടുത്തുവന്നാലോ? നിങ്ങൾക്കു ചൂടും പ്രകാശവും തരുന്ന ഫോട്ടോസ്ഫി യർ നല്ല രണ്ടു ചട്ടയിട്ടു മൂടിയിരിക്കുകയാണു്. ഈ ചട്ടകളെ തുളച്ചുകൊണ്ടാണു് ഫോട്ടോസ്ഫിയറിലെ ചൂടു് അങ്ങു വന്നെത്തുന്നതു്. ഈ ചൂടിൻെറ കാഠി ന്യത്തെപ്പററി എങ്ങനെ പറഞ്ഞറിയിക്കാനാണു്. ഏററവും കട്ടിയുള്ള ലോഹംകൊണ്ടു് നിങ്ങളുടെ ഭൂമി

യുടെ എത്രയോ മടങ്ങു വലിപ്പത്തിൽ ഒരു ഗോളം ഉണ്ടാക്കി എന്നു കരുതുക! എത്രയോ മടങ്ങെന്നു പറഞ്ഞാൽ നിങ്ങൾക്കു സങ്കല്പിക്കാവുന്നത്ര വലുതായിരിക്കട്ടെ അതു്. ആ ഗോളം എന്റെ ഫോട്ടോസ്പിയറിൽ പെട്ടുപോയാൽ കണ്ണടച്ചുതുറക്കുംമുൻപു് ആവി! അത്ര കഠിനമായ ചൂടു് ഫോട്ടോസ്പിയറിനുണ്ടു്. ഇതൊക്കെയാണു് എന്റെ ശരീരഘടനയുടെ സാമാന്യരൂപം. എന്നെപ്പററി ഇപ്പോൾ ഏതാണ്ടൊരു പിടി നിങ്ങൾക്കു കിട്ടിയിട്ടുണ്ടു്. ഇനിയും വളരെയുണ്ടു് പറയുവാൻ. അതൊക്കെ പറഞ്ഞുതുടങ്ങിയാൽ നിങ്ങൾ വല്ലാതെ വിഷമിക്കും. ബുദ്ധി കുഴങ്ങും. ചിന്ത പതറും. ഇപ്പോൾത്തന്നെ നിങ്ങൾ അത്ഭുതംകൊണ്ടു് അനങ്ങാതായല്ലോ. ഈ അത്ഭുതപ്രപഞ്ചം എങ്ങനെ ഉണ്ടായെന്നു് ആലോചിക്കുകയാണോ? ആലോചിച്ചാൽ അറുതിയില്ല.

"നാമിങ്ങറിയുവതല്പം—എല്ലാം
ഓമനേ ദൈവസങ്കല്പം."

അങ്ങനെ സമാധാനിക്കാനേ തരമുള്ളു. എന്റെ അത്യുഗ്രമായ ചൂടു് അനന്തതയിൽ അല്പാല്പം ലയിച്ചുകൊണ്ടിരിക്കുകയാണു്. ഒരുകാലത്തു് ദ്രവമായും പിന്നീടു ഖരമായും ഞാൻ മാറിപ്പോകും. ഭൂമിക്കു വന്നുചേൎന്ന അവസ്ഥാന്തരങ്ങൾ എനിക്കും വന്നുചേരും.


അപ്പോൾ നിങ്ങൾക്കു ചൂടും വെളിച്ചവും കിട്ടുമോ? അങ്ങനെ ഒരു കാലം വരുമ്പോൾ നിങ്ങളാരും കാണുകയില്ല. മരിച്ചുപോകും. ഭൂമി ഒരു മരുഭൂവായി മാറിപ്പോകും. പേടിക്കണ്ട. അനേകംകോടി വർഷം കഴിഞ്ഞേ ഇങ്ങനെ വരൂ.

കേൾക്കുവിൻ! ഇനിയും എന്നെപ്പററി ചില വിവരങ്ങൾ പറയാം. നിങ്ങളിൽ ആരോ ചോദിച്ചല്ലോ, ഞാനെന്തിന് എപ്പോഴും നിന്നു തുള്ളുന്നു എന്ന്. എനിക്കു മാത്രമല്ല ഈ സുഖക്കേട്. ഞങ്ങളുടെ തറവാട്ടിൽ ജനിച്ചവർക്കെല്ലാം ഈ സുഖക്കേടുണ്ട്. പാരമ്പര്യമാണ്. 'ജാത്യാലുള്ളതു തൂത്താൽ മാറുകില്ല.'

## ഞാനും ഭൂമിയെപ്പോലെ കറങ്ങുന്നു

ഞാനും ഭൂമിയെപ്പോലെ കറങ്ങുന്നുണ്ട്. സൂക്ഷിച്ചുനോക്കിയാൽ ഇതു മനസ്സിലാക്കാം. ഒരു ദൂരദർശിനിയിൽക്കൂടി നോക്കുക! എന്റെ ശരീരത്തിൽ അങ്ങിങ്ങായി ചില കറുത്ത പാടുകൾ കാണുന്നില്ലേ? ഫോട്ടോസ്ഫിയറിലെ ആഴമേറിയ കുഴികളാണിവ. അവയുടെ അഗാധതയിൽ വെളിച്ചം ചെന്നെത്തുകില്ല. എന്റെ ശരീരം പൊള്ളിപ്പഴുത്ത വ്രണം കരിഞ്ഞ അടയാളമാണിവയെന്ന് എന്നെ ചിലർ

പരിഹസിക്കാറുണ്ടു്. ആഴമേറിയ കുഴികൾ എന്നു പറഞ്ഞാൽ നിങ്ങളുടെ കിണറോ ഒന്നുമല്ല. ഭൂമി ഈ കുഴികളിലൊന്നിൽ വീണാൽ എന്തു സംഭവിക്കുമെന്നോ? ആഴമേറിയ കിണററിൽ ഒരു കടുകുമണി വീണാലോ! അതുപോലിരിക്കും. നിങ്ങൾ ഭൂമിയിൽ നിന്നു നോക്കിയാൽ കാണുന്ന ഈ കറുത്ത പൊട്ടുകൾ ആയിരമായിരം മൈൽ ചുററളവുള്ള പടുകുഴികളാണു്.




**സൂര്യനിൽ കാണുന്ന കറുത്ത പാട്ടുകൾ**

ഈ കറുത്ത അടയാളങ്ങളുടെ വക്കുകളിൽനിന്നും തീനാമ്പുകൾ അകത്തേക്കു പായുന്നതു കാണാം. സമുദ്ര

ത്തിൽ തിരയടിച്ചു് നുരയും വെള്ളവും തെറിച്ചുപൊ ങ്ങുന്നതുപോലെ അഗ്നിസ്തംഭങ്ങൾ ഈ കുഴികളുടെ വക്കിൽനിന്നും അകത്തേക്കു കുതിച്ചുപൊങ്ങുകയാ ണ്. ക്രോമോസ്ഫിയറിലെ തീനാമ്പുകളാണിവ. ഇവ ചിലപ്പോൾ ഫോട്ടോസ്ഫിയറിലെ കറുത്ത പാടുക ളെ നിശ്ശേഷം മറച്ചെന്നുവരും. ചില അവസരങ്ങ ളിൽ ഈ തീജ്ജ്വാലകൾ നീർച്ചുഴികളെന്നോണം ക റങ്ങിക്കറങ്ങിപ്പോകുന്നതു കാണാം. ചിലപ്പോൾ തൂ ണുപോലെ പൊങ്ങി ശാഖോപശാഖകളായി നില്ക്കു ന്നതും കാണാം.

ഫോട്ടോസ്ഫിയറിലെ ഈ കറുത്ത അടയാളങ്ങൾ എപ്പോഴും ഒരിടത്തുതന്നെ കാണുകയില്ല. മാറിക്കൊ ണ്ടിരിക്കും. അതുകൊണ്ടു് ഞാനും ഭൂമിയെപ്പോലെ ഭ്രമണംചെയ്യുന്നു എന്നു് നിങ്ങൾക്കു മനസ്സിലാക്കാം. എന്നാൽ ഒരു വ്യത്യാസമുണ്ടു്. ഭൂമിയുടെ എല്ലാ ഭാഗവും ഒരേ വേഗത്തിൽ കറങ്ങുന്നു. ഞാൻ അങ്ങ നെയല്ല. എന്റെ ശരീരത്തിലെ ചില ഭാഗങ്ങൾ വേഗം കറങ്ങും. ചിലതു് സാവകാശത്തിലും. നിങ്ങൾ ക്കിതു കണ്ടുപിടിക്കാൻ കഴിയും. കുറച്ചു ക്ഷമയൊക്കെ വേണം. എന്റെ മദ്ധ്യഭാഗത്തു കാണുന്ന ഒരു കറുത്ത അടയാളം ഒന്നു കറങ്ങിവരാൻ ഇരുപത്തഞ്ചുദിവസം മതി. എന്നാൽ എന്റെ വശങ്ങളിലുള്ള ബിന്ദുക്കൾ

ഇരുപത്തെട്ടുദിവസംകൊണ്ടേ ഒന്നു കറങ്ങിവരു. ഇതിൽനിന്നും നിങ്ങൾ എന്തു മനസ്സിലാക്കി? ഞാനും ഭൂമിയെപ്പോലെ ഒരു അച്ചുതണ്ടിൽ ഭ്രമണംനട ത്തുന്നു എന്ന്. വേറെ എന്തു മനസ്സിലായി? ബുദ്ധി യുള്ളവർ പറയണം! അതെ. ഞാൻ ഒരു ഖരവസ്തു വല്ല. ഖരവസ്തുവാണെങ്കിൽ ഏതു ഭാഗത്തുമുള്ള ബിന്ദു ക്കൾ ഒരേസമയംതന്നെ കറങ്ങിവരും. നിങ്ങൾക്ക ഭൂമിയെപ്പററി പഠിക്കാൻ ഗ്ലോബില്ലേ? ഒരുകഷണം ചോക്ക് എടുത്തു് ഗ്ലോബിൽ കുറെ പൊട്ടുകൾ കുത്തുക. മധ്യരേഖയിലും, അതിനു വടക്കും, തെക്കും. എന്നിട്ടു് ഗ്ലോബൊന്നു കറക്കു! എല്ലാ ബിന്ദുക്കളും ഒരേ സമയംതന്നെ കറങ്ങിവരുന്നു. ചുററളവു കൂടട്ടെ കുറ യട്ടെ! പൊട്ടുകൾ ഒരുമിച്ചുതന്നെ ഭ്രമണം ചെയ്തു വരുന്നു. എന്നിൽ കാണുന്ന ബിന്ദുക്കളുടെ ചലനം അങ്ങനെയല്ല. നടുക്കുള്ള പൊട്ടുകൾ വേഗം കറങ്ങും. വശങ്ങളിലുള്ളവ സാവധാനത്തിലും. ഞാൻ തീർച്ച യായും ഒരു ഖരവസ്തു അല്ല.

## ആകാശത്തിലെ ഇന്ദ്രജാലം

ഞങ്ങളുടെ കുടുംബത്തെപ്പററിയും ചുരുക്കത്തിൽ ചിലതു പറയാം. നിങ്ങൾ കാണുന്ന നക്ഷത്രങ്ങളും ഞാനും ഒരു തറവാട്ടിൽ ജനിച്ചവരാണെന്നു് പറഞ്ഞു

വല്ലോ. നക്ഷത്രങ്ങൾ തിളങ്ങുന്ന പ്രഭാപുഞ്ജങ്ങളെന്നേ നിങ്ങൾക്കറിയാവൂ. തെളിവുള്ള ഒരു രാത്രിയിൽ ഒരു നല്ല ദൂരദശിനിയിൽക്കൂടി ആകാശത്തേക്കനോക്കുക. ആകാശത്തിലെ ഇന്ദ്രജാലം നിങ്ങൾക്കകാണുവാൻ കഴിയും. എത്ര നിറത്തിലുള്ള നക്ഷത്രങ്ങൾ! പച്ച, മഞ്ഞ, ചുവപ്പ്, ഊത, ഓറഞ്ച്—എല്ലാനിറത്തിലുമുണ്ട് നക്ഷത്രങ്ങൾ. മനോഹരമായ നീലപ്പരവതാനിയിൽ തൂക്കിയിട്ടിരിക്കുകയാണ്; പലനിറത്തിലുള്ള വൈദ്യുതവിളക്കുകൾപോലെ. എന്താണ് നക്ഷത്രങ്ങൾക്കീ നിറവ്യത്യാസം! അവയുടെ പ്രായഭേദം. അവയിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളുടെ ഗുണഭേദം. അതാണ് നിറപ്പകർച്ചയ്ക്കു കാരണം. ഛായാപഥങ്ങളിൽനിന്നും പുതുതായി പ്രത്യക്ഷപ്പെടുന്ന നക്ഷത്രങ്ങൾക്ക് നിറം ചുവപ്പായിരിക്കും. ചൂടും കുറവായിരിക്കും. ഇങ്ങനെ അനേകംകോടി വർഷം അതു സ്ഥിതിചെയ്യും. പിന്നീട് അതിൻെറ നിറം ഓറഞ്ച് ആയി മാറും. പിന്നെയും വളരെക്കാലം കഴിഞ്ഞാൽ അതു വെള്ളനിറമാകും. അപ്പോൾ യൗവനമാണ്. ഏതാണ്ട് എൻെറ പ്രായം. അവിടംമുതൽ ഞങ്ങൾക്കു വാദ്ധക്യമാണ്. വയസ്സാകുന്തോറും നിറം മാറി വീണ്ടും ഓറഞ്ച് ആകും. തുടന്ന് ചുവപ്പാകും. അപ്പോഴേയ്ക്കും ഞങ്ങൾ പ്രായമേറിയ അപ്പൂപ്പന്മാ

രാകും. ശരീരം ചുക്കിച്ചുളിഞ്ഞു് ചെറുതാകും. കുറേക്കൂടി കഴിഞ്ഞാൽ ഞങ്ങൾക്കു് നിറമേ ഇല്ലാതാകും. ഓജസ്സും തേജസ്സും നശിക്കും. ഞങ്ങൾ മരിക്കും. ഇതൊന്നും കാണാൻ നിങ്ങളാരും ഉണ്ടാവില്ല.

## കൂട്ടസൂര്യന്മാർ

ഞാൻ ഒററയ്ക്കാണു് ആകാശത്തിൽ സഞ്ചരിക്കുന്നതു്. എന്നാൽ ചിലരെല്ലാം കൂട്ടംചേർന്നേ സഞ്ചരിക്കാറുള്ളു. അവരാണു് കൂട്ടസൂര്യന്മാർ അഥവാ നക്ഷത്രസമൂഹങ്ങൾ. ഇവരിൽ പലർക്കും പല നിറമായിരിക്കും. എനിക്കുപകരം അത്തരം രണ്ടുമൂന്നുപേർ എന്റെ സ്ഥാനത്തു വരുന്നെന്നു കരുതുക. അപ്പോൾ നിങ്ങൾക്കനുഭവപ്പെടുന്ന വെയിൽ ഇന്നത്തെപ്പോലാവുകില്ല. ചുവപ്പുവെയിലും പച്ചവെയിലും കണ്ടെന്നുവരും. ഈ കൂട്ടസൂര്യന്മാരിൽ ഒരാൾ അസ്തമിക്കുമ്പോൾ മറെറാരാൾ ആകാശത്തിൽ ഉയർന്നുനിന്നേക്കാം. പെട്ടെന്നു് വെയിലിന്റെ നിറം മാറും. ഒരു സൂര്യൻ അസ്തമിക്കുമ്പോൾ മറെറാരു സൂര്യൻ ഉദിച്ചുയരും. അപ്പോൾ ഇരുട്ടേ ഉണ്ടാവുകില്ല. അങ്ങനെയൊരു അവസ്ഥ നിങ്ങൾക്കു് ഇഷ്ടമാകുമോ?

## നക്ഷത്രസമൂഹങ്ങൾ

നക്ഷത്രങ്ങൾ കൂട്ടസൂര്യന്മാരാണു്. അതുകൊണ്ടു് അവയെ സമൂഹങ്ങളാക്കി പേരിട്ടിരിക്കുന്നു. ആരാ

ണിങ്ങനെ പേരിട്ടതു്? നിങ്ങളുടെ അപ്പൂപ്പന്മാർ. നിങ്ങൾ അവിടെനിന്നു നോക്കിയാൽ നക്ഷത്രങ്ങൾ ചേൎന്നനിൽക്കുന്നു എന്നു തോന്നും. വാസ്തവത്തിൽ അവ വളരെ അകന്നുനില്ക്കുകയാണു്. നിങ്ങളുടെ പണ്ടത്തെ ആളുകൾക്കു് ഈ നക്ഷത്രങ്ങൾ ദേവന്മാരും ദേവിമാരും ആയിരുന്നു. ഇന്നും അങ്ങനെ കരുതുന്നവർ നിങ്ങളിലില്ലേ? നക്ഷത്രങ്ങളിൽ ചിലതിനെ നിങ്ങൾ എന്നും കാണുന്നു. ചിലതിനെ ചില മാസങ്ങളിലേ കാണാൻ കഴിയൂ. എന്താണിതു്? നിങ്ങളുടെ ഭൂമി ചാഞ്ഞും ചരിഞ്ഞും നിൽക്കുന്നു.

## രസമുള്ള കഥകൾ

നക്ഷത്രങ്ങളെപ്പററി രസമുള്ള ചില കഥകളുണ്ടു്. നിങ്ങൾ കാണാത്ത നക്ഷത്രങ്ങളും വളരെയുണ്ടു്. അവയുടെ പ്രകാശം അങ്ങു വന്നെത്തിയിട്ടില്ല. നിങ്ങൾ കാണുന്ന നക്ഷത്രങ്ങളിൽ ചിലതിന്റെ പ്രകാശം ഭാരതയുദ്ധം നടക്കുമ്പോൾ ഇവിടെനിന്നും പുറപ്പെട്ടവയാണു്. മററു ചിലതിന്റെ പ്രകാശം രാമരാവണയുദ്ധകാലത്തും തിരിച്ചതാണെന്നറിയണം. കണക്കുകൂട്ടിനോക്കു അവ എത്ര അകലത്തിലാണെന്നു്.

# സപ്തഷികഠ



ആകാശത്തിൻെറ വടക്കു് ഫ ഭാഗത്തിൽ കാണുന്നപോലെ ഏഴു നക്ഷത്രങ്ങഠ ചേൎന്നുനില്ക്കുന്നു. അവയാണു സപ്തഷികഠ. ഇവയുടെ കൂട്ടത്തിനു് സപ്തഷിമണ്ഡലമെന്നും പറയും. പാശ്ചാത്യർ ഇവയ്ക്കു് വൻകരടി (Great-Bear) എന്നു പേരിട്ടിരിക്കുന്നു. ഇവ തെളിഞ്ഞു പ്രകാശിക്കുന്ന നക്ഷത്രങ്ങളാണു്. ഭാരതീയരുടെ സങ്കല്പം അനുസരിച്ചു് അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, മരീചി, വസിഷ്ഠൻ, ക്രതു എന്നു് ഏഴു മഹഷീന്ദ്രന്മാരാണവർ. വസിഷ്ഠനോടു ചേൎന്നു് ഒരു കൊച്ചുനക്ഷത്രത്തെ കാണാം. അതാണു് അരുന്ധതി. വസിഷ്ഠൻെറ ധമ്മദാരങ്ങളാണു്. മരണം സമീപിച്ചവർ എത്ര സൂക്ഷിച്ചുനോക്കിയാലും അരുന്ധതിയെ കാണുകില്ലപോൽ.

## ധ്രുവൻ

സപ്തർഷികളിൽ ഇടതുവശം നിൽക്കുന്ന രണ്ടു നക്ഷത്രങ്ങളെ ചേർത്ത് കീഴ്മേൽ ഒരു രേഖ സങ്കല്പിക്കുക. ആ രണ്ടു നക്ഷത്രങ്ങളുടെയും അകലം കണക്കാക്കി അഞ്ചുതവണ കീഴോട്ടളന്നാൽ ധ്രുവനിൽമുട്ടും. ധ്രുവൻ ഭൂമിയുടെ നേർവടക്കാണ്. ധ്രുവനെപ്പററിയും ചില കഥകളുണ്ടു്. ഉത്താനപാദൻ എന്ന രാജാവിൻെറ മകൻ ആയിരുന്നു. കൊച്ചുകുട്ടി. അയാൾ ഒരുദിവസം അച്ഛൻെറ മടിയിൽ കയറി ഇരുന്നു. ഇളയമ്മയ്ക്കു് അതു രസിച്ചില്ല. അവർ കുട്ടിയെ അച്ഛൻെറ മടിയിൽനിന്നും ഇറക്കിവിട്ടു. രാജാവിൻെറ മടിയിൽ ഇരിക്കാൻ തപസ്സു ചെയ്യണം എന്നു് ആക്ഷേപിച്ചു. കള്ളമറിയാത്ത കുഞ്ഞു് കാട്ടിൽ ചെന്നു തപസ്സു തുടങ്ങി. വിഷ്ണു പ്രത്യക്ഷപ്പെട്ടു് അയാളെ ഒരു ജ്യോതിസ്സായി ആകാശത്തിൽ വാഴിച്ചു.

## ചെറുകരടി (Little-Bear)

ചെറുകരടി എന്ന നക്ഷത്രക്കൂട്ടത്തിൻെറ വാലിലാണ് ധ്രുവൻ. ധ്രുവൻ ചെറുകരടിയുടെ വാലിൻെറ ആദ്യനക്ഷത്രമാണ്. ഗ്രീക്കുപുരാണപ്രകാരം വൻകരടി (സപ്തർഷികൾ) 'കലിസ്റ്റോ' എന്ന ദേവതയായിരുന്നു. ചെറുകരടി അവരുടെ കൊച്ചു മകനും.

'ജൂണോ'ദേവി അമ്മയേയും മകനേയും ശപിച്ചു കരടികളാക്കി. 'ജൂപ്പിററർ'ദേവന്ന് അവരിൽ അലിവു തോന്നി. അദ്ദേഹം അമ്മയേയും മകനേയും തേജഃപുഞ്ജങ്ങളാക്കി ആകാശത്തിൽ കുടികൊള്ളിച്ചു.

## കസിയോഫിയാ

ധ്രുവനിൽനിന്നും കുറച്ചകലെയായി കസിയോഫിയാക്കൂട്ടം നില്ക്കുന്നു. അഞ്ചു നക്ഷത്രങ്ങളാണ് ഈ കൂട്ടത്തിൽ ഉള്ളത്. * എന്നെഴുതിയപോലെ കാണും. അന്ത്രോമിദാ എന്ന യുവസുന്ദരിയുടെ അമ്മയത്രേ 'കസിയോഫിയാ.' അന്ത്രോമിദായെ ഒരു കടൽ രാക്ഷസനു ബലി കൊടുക്കുവാൻ ഒരു പാറയിൽ കെട്ടിയിട്ടിരുന്നു. അതൊരു വിജനപ്രദേശമാണ്. ആപൽക്കേന്ദ്രമാണ്. ആരും പോകാറില്ല. എന്നാൽ 'പെഴ്സ്യൂസ്' എന്ന ഗ്രീക്കുവീരൻ അദ്ദേഹത്തിന്റെ 'പെഗാസസ്' എന്ന പറക്കുംകുതിരയിൽ അവിടെ ചെന്നെത്തി. അദ്ദേഹം അന്ത്രോമിദായെ രക്ഷിച്ചു കൊണ്ടുപോന്നു. പെഴ്സ്യൂസ് ആ സുന്ദരിയെ വിവാഹം കഴിച്ചു.

'കസിയോഫിയാ'യിൽനിന്നും ഒരു നേർവരയിൽക്കൂടി കണ്ണോടിച്ചാൽ തിളങ്ങുന്ന നാലു നക്ഷ

ത്രങ്ങൾ കാണാം. ഇതാണ് 'പെഴ്സ്യൂസി'ന്റെ പറക്കുംകുതിര "പെഗാസസ്". അതിനടുത്തുകാണുന്ന നക്ഷത്രക്കൂട്ടമാണ് 'അന്ദ്രോമിദാ.' പെഗാസസിന്റെ താഴെക്കൂടി അർദ്ധവൃത്താകാരമായ ഒരു രേഖ സങ്കല്പിക്കുക. അതാ ആറു നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നു. അതത്രേ 'പെഴ്സ്യൂസ്" എന്ന ഗ്രീക്കുവീരൻ.

### കാർത്തികക്കൂട്ടം (Pleiades)

ചേർന്നുനിൽക്കുന്ന ആറു ചെറുനക്ഷത്രങ്ങളാണ് കാർത്തികക്കൂട്ടം. ഇവയെപ്പററിയും ഗ്രീക്കുകാരുടെ കഥ രസമുള്ളതാണ്. 'അററ്ലസ്"ദേവൻ ഭൂമിയെ ചുമലിൽ വഹിച്ചിരിക്കുന്നു എന്നാണ് ഗ്രീക്കുപുരാണം. അററ്ലസ്സിനു സുന്ദരിമാരായ ഏഴു പുത്രിമാർ ഉണ്ടായിരുന്നു. അവർ ഒരുദിവസം കാട്ടിൽ കളിക്കാൻ പോയി. വനലാവണ്യം കുമാരിമാരെ ആകർഷിച്ചു. അവർ കാട്ടിനുള്ളിൽ കടന്ന് നടന്നുതുടങ്ങി. 'ഓറിയൻ' എന്ന യുവവ്യാധൻ ആ കാട്ടിൽ വേട്ടയാടി നടന്നിരുന്നു. അയാൾ പെൺകൊടികളെ പിൻതുടർന്നു. അവർ പേടിച്ച് ഓടി. ഓറിയൻ വിട്ടില്ല. അയാൾ കൂടെ എത്തി. പെൺകുട്ടികൾ വാവിട്ടു കരഞ്ഞു. ഇത് 'ഡയനാ'ദേവി കേട്ടു. അവർ പെൺകുട്ടികളെ ഏഴു മാടപ്രാവുകളാക്കി മേലോട്ടു പറത്തി. അവരാണ്

നക്ഷത്രങ്ങളായി ആകാശത്തിൽ നില്ക്കുന്നതു്. പെഴ്സ്യൂസിന്റെ താഴെയാണു് ഇവയുടെ നില. എത്ര സൂക്ഷിച്ചാലും 'പ്ലീയഡ്'സിൽ ആറു നക്ഷത്രങ്ങളേ കാണാനുള്ളു. ഏഴാമത്തവൾ 'ട്രോയി'യുടെ പതനത്തിൽ മനമുരുകി വീണുപോയത്രെ.

വേട്ടക്കാരനായ 'ഓറിയ'നും ആകാശത്തിലുണ്ടു്. അയാൾ തെക്കുവടക്കായി നീണ്ടുകിടക്കുന്നു. തല വടക്കാണു്. അയാൾക്കൊരു അരപ്പട്ടയും അതിൽ തൂങ്ങുന്ന കഠാരിയും കാണാം. അടുത്തുതന്നെ ഓറിയന്റെ വേട്ടപ്പട്ടി 'സിറിയസ്സും' നില്ക്കുന്നു.

4673

## എന്റെ കുട്ടികൾ


നിങ്ങളുടെ ഭൂമി എന്റെ കുട്ടിയാണു്. എനിക്കു വേറെയും കുട്ടികളുണ്ടു്. അവരെല്ലാം എന്നെ വട്ടമിട്ടു നിൽക്കുകയാണു്. ഞാൻ പോകുന്നിടത്തൊക്കെ അവരും വരും. ഏററവും അടുത്തു നിൽക്കുന്നവന്റെ പേരു് 'ബുധൻ' എന്നാണു്. അവൻ എണ്ണത്തെട്ടുദിവസംകൊണ്ടു് എന്നെ ഒരു പ്രാവശ്യം ചുററും. നിങ്ങൾ ബുധനിൽ താമസിക്കാൻ വരുമോ? നിങ്ങളുടെ മൂന്നു മാസം അവിടെ ഒരു വൎഷമാണു്. ബുധൻ ചിലപ്പോൾ എന്നോടു വളരെ അടുത്തുവരും. ചിലപ്പോൾ ഓടിക്കളയും. എന്നാലും അവൻ എന്നിൽനിന്നും

വിട്ടുപോകാറില്ല. അങ്ങേ അററം പോയാൽ 4,33,47,000 മൈൽ അകലംവരെ പോകും. അടുത്തു വരുമ്പോൾ അവൻ എന്നിൽനിന്നും 2,85,70,000 മൈൽ ദൂരത്തായിരിക്കും. ഈ യാത്രയ്ക്കു് ബുധൻ 44 ദിവസം എടുക്കുന്നു.

ബുധൻെറ അപ്പുറത്തായി എന്നെ വട്ടമിട്ടു കളിക്കുന്നവൻ എൻെറ രണ്ടാമത്തെ മകൻ 'ശുക്ര'നാണു്. ഏതാണ്ടു നിങ്ങളുടെ ഭൂമിയുടെ സ്വഭാവമാണവനു്. അവനെ 'സിത'നെന്നും 'വെള്ളി'യെന്നും പറയും. നല്ല അഴകുള്ള കുട്ടിയാണു്. അതുകൊണ്ടു് അവനൊരു പെണ്ണാണു് എന്നു പറയുന്നവരും ഉണ്ടു്. രാത്രിയും പകലും നിങ്ങളുടേതുപോലെതന്നെ. ഇവൻ എന്നിൽനിന്നും 6,70,00,000 മൈൽ അകലെ നിൽക്കുന്നു. 226 ദിവസംകൊണ്ടു് ശുക്രൻ എന്നെ ചുററിവരുന്നു. അവൻ എപ്പോഴും ഒരു സാൽവ പുതച്ചിരിക്കും. വലിയ കുളിരുകാരനാണു്. ശുക്രനെ പൊതിഞ്ഞിരിക്കുന്ന മേഘപടലമാണിതെന്നു് ഒരു കൂട്ടർ പറയുന്നു. ശുക്രനിൽ ജലമുണ്ടു്. മേഘത്തിൻെറ സാന്നിദ്ധ്യംകൊണ്ടു് ഇക്കാൎയ്യം ഊഹിക്കാമല്ലോ. കടലും കായലും ആറും തോടും ശുക്രനിലുമുണ്ടു്. വല്ല കാരണവശാലും നിങ്ങൾ ഭൂമി 'വിടുന്നപക്ഷം ഇങ്ങോട്ടു പോരുകയാണു നന്നു്. ശുക്രനിൽ വന്നാൽ

നിങ്ങൾക്കു നാലു ചന്ദ്രനെക്കാണാം. എന്തൊരു അഴകായിരിക്കും!

ശുക്രന്റെ അപ്പുറത്താണ് നിങ്ങൾ താമസിക്കുന്ന ഭൂമി. ഭൂമിയെപ്പററി നിങ്ങൾ പലതും പഠിച്ചിട്ടുണ്ട്. എന്നിൽനിന്നും തെറിച്ചു വീണപ്പോൾ ഭൂമിയും വാതകമായിരുന്നു. വളരെനാൾകൊണ്ടു കട്ടിയായതാണ്. പിന്നീടാണ് കടലും കരയും ഉണ്ടായത്. കാടും ചെടിയുമുണ്ടായത്. ജന്തുക്കൾ ഉണ്ടായത്. വീണ്ടും വളരെക്കഴിഞ്ഞാണ് നിങ്ങളുടെ അപ്പൂപ്പന്മാർ ഉണ്ടായത്. ഭൂമിയുടെ അടിയററം ഇന്നും തണുത്തിട്ടില്ല. പടത്തിൽ നോക്കു! ഭൂമി ഏതാണ്ട് ഇങ്ങനെ ഇരിക്കും:




## ഇന്നും തണുത്തിട്ടില്ല

ഭൂമിയുടെ അടിയററം ഇന്നും തണുത്തിട്ടില്ല. മുകൾപ്പരപ്പേ തണുത്തിട്ടുള്ളു. ഏതാണ്ട് 150 മൈൽ

മുതൽ 200 മൈൽവരെ വണ്ണമുള്ള ഉപരിതലം കട്ടിയായിട്ടുണ്ട്. അതിനടിയിൽ ഉരുകുന്ന പാറയും ധാതുദ്രവ്യങ്ങളും കലന്ന 'ലാവാ'യാണ്. ഈ ഭാഗത്തിനു് മൂവായിരം മൈൽമുതൽ ആറായിരം മൈൽവരെ ആഴമുണ്ട്. ഈ ലാവാപ്രദേശത്തിനും കട്ടിയുള്ള ഭൂപ്പൃഷ്ഠത്തിനും ഇടയിൽ വണ്ണംകുറഞ്ഞ ഒരു വലയമുണ്ട്. ഒരുതരം ഓരംമാത്രമാണ് ഈ പ്രദേശത്തുള്ളതു്. ലാവാപ്രദേശത്തിനടിയിൽ 1,600 മൈൽ വ്യാസം വരുന്ന ഒരു വാതകപ്രദേശമുണ്ട്. അതുകൊണ്ടാണ് ഭൂമിയുടെ ഉൾഭാഗം ഇന്നും തണുത്തിട്ടില്ലെന്നു പറയുന്നതു്.

ഭൂമിക്കപ്പുറം നില്ക്കുന്ന ഗ്രഹം 'ചൊവ്വാ'യാണ്. ചൊവ്വായിൽ മനുഷ്യവാസമുണ്ടെന്നും കൃഷിഭൂമിയുണ്ടെന്നും ചിലർ പറയുന്നു. എന്നാൽ വേറെ ചിലർ ഇതു വകവച്ചുകൊടുക്കുന്നില്ല. ഈ തർക്കം നിങ്ങൾതന്നെ തീർത്തുകൊള്ളുവിൻ. തർക്കം മൂത്തു് തമ്മിൽത്തല്ലരുതെന്നേ എനിക്കു പറയാനുള്ളു. ചൊവ്വായ്ക്കു് രണ്ടു ചന്ദ്രനുണ്ട്. ഇതിൽ ഒന്നു്, ദിവസം മൂന്നു തവണ ചൊവ്വായെ ചുററിക്കറങ്ങും. ചൊവ്വായിൽ ഒരു ദിവസത്തിന്റെ ദൈർഘ്യം ഇരുപത്തിനാലു മണിക്കൂറാണ്.

അടുത്തതു് 'വ്യാഴം'. ഇതിനു് 88,000 മൈൽ

വ്യാസം കാണും. നിങ്ങളുടെ ഭൂമിയെക്കാൾ പതിനൊന്നു മടങ്ങു വലുതാണിതു്. വ്യാഴം എന്നിൽ നിന്നും 48,30,00,000 മൈൽ അകലെ നിൽക്കുന്നു. ഭൂമിക്കു കോടികോടി വർഷത്തിനപ്പുറമുണ്ടായിരുന്ന അവസ്ഥയാണു് വ്യാഴത്തിനു് ഇന്നുള്ളതു്. ഇനിയും വളരെ കോടി വർഷങ്ങൾ കഴിഞ്ഞേ അതിൻെറ മുകൾഭാഗം തണുക്കാൻ ഇടയുള്ളു. എന്നെ ഒന്നു ചുററി വരാൻ വ്യാഴത്തിനു പന്ത്രണ്ടു വഷം വേണം. നിങ്ങളുടെ ഒരു വർഷം വ്യാഴത്തിനു് ഒരു മാസമാണു്.

വ്യാഴത്തിൽ ചെന്നാൽ നിങ്ങൾക്കു് എട്ടു ചന്ദ്രന്മാരെ കാണാം.

അതിനടുത്തു നില്ക്കുന്നതു 'ശനി'യാണു്. അവൻ എന്നിൽനിന്നും 88,60,00,000 മൈൽ ദൂരെയാണു് നിൽക്കുന്നതു്. ശനി എന്നെപ്പോലെ ഒരു അഗ്നിപിണ്ഡമാണു്. അവൻ ഇന്നും വാതകമായിരിക്കുന്നതേയുള്ളു. ഭൂമിയെക്കാൾ 719 മടങ്ങു വലുതാണു് ശനി. എൻെറ പ്രകാശം അവനു കിട്ടുന്നില്ലെന്നു വേണം പറയാൻ. സന്ധ്യാസമയം നിങ്ങൾക്കു് എത്രമാത്രം വെളിച്ചവും ചൂടുമുണ്ടു്! അതാണു് ശനിയിലെ സ്ഥിതി.

## ശനിയിലെ ദീപക്കാഴ്ച

ശനിക്കൊരു വിശേഷമുണ്ട്. അവൻെറ മദ്ധ്യ രേഖാപ്രദേശത്തിനു ചുററുമായി ഉയരെക്കൂടി ഒരു പ്രഭാവലയം കാണുന്നുണ്ട്. 12,000 മൈൽ ഉയരെക്കൂടിയാണ് ഈ വലയം ശനിയെ ചുററുന്നത്. ശനിയെ അതിവേഗം വട്ടമിട്ടുകൊണ്ടിരിക്കുന്ന എണ്ണമററ ചെറുചന്ദ്രന്മാരാണിവ. ഇവയിൽ പത്തെണ്ണം നിങ്ങളുടെ ചന്ദ്രന്മാരെപ്പോലെ വലുതാണ്. അവ പ്രത്യേകം കാണുകയും ചെയ്യാം. എണ്ണമററ കൊച്ചു ചന്ദ്രന്മാരും പത്തു വലിയ ചന്ദ്രന്മാരുംകൂടി ശനിക്കു ചുററും ഒരു ദീപക്കാഴ്ച ഉണ്ടാക്കുന്നു.

ശനിയുടെ അപ്പുറം 'യുറാനസ്' നിൽക്കുന്നു. ദൂരദർശിനി ഇല്ലെങ്കിൽ ഇതിനെ നിങ്ങൾ കാണുകയില്ല. എൻെറ സഹായം ഇയാൾക്ക് ഒട്ടും കിട്ടുന്നില്ല. കണ്ണെത്താത്ത ദൂരത്തു പോയാൽ ഞാനെങ്ങനെ സഹായിക്കാനാണ്! ഇരുട്ടിൽക്കൂടി തപ്പിത്തടഞ്ഞാണ്. പാവം സഞ്ചരിക്കുന്നത്. എന്നിൽനിന്നും 89,50,00,000 മൈൽ ദൂരെയാണ് അയാളുടെ നില. 84 വർഷംകൊണ്ടേ അയാൾ എന്നെ ഒന്നു കറങ്ങിവരൂ. ഭൂമിയും ചൊവ്വായും ബുധനും ശുക്രനും ചേന്നതിനെക്കാൾ വലുതാണിത്.

അതിനുമപ്പുറത്തു 'നെപ്റ്റ്യൂൺ' നിൽക്കുന്നു. അവൻ എന്നിൽനിന്നും 279,10,00,000 മൈൽ അകലെയാണ്. അവൻ കുററിരുട്ടിലാണു യാത്രചെയ്യുന്നതു്. കഴിഞ്ഞ നൂററാണ്ടിലേ നിങ്ങളുടെ ആളുകൾ ഇവനെപ്പററി അറിഞ്ഞുള്ളൂ. നെപ്റ്റ്യൂൺ യുറാനസിനെക്കാൾ വലുതാണ്. 164 വർഷംകൊണ്ടാണ് അവൻ എന്നെ ചുററിവരുന്നതു്.

അതിനപ്പുറം 'പ്ലൂട്ടോ' എന്നൊരു ഗ്രഹമുണ്ടു്. അതിനെപ്പററി ഇനിയൊരിക്കൽ പറഞ്ഞുകൊള്ളാം. ഞാനും, എന്നിൽനിന്നുണ്ടായ ഗ്രഹങ്ങളും, നക്ഷത്ര മണ്ഡലത്തിലെ ഒരു കൊച്ചുകുടുംബം മാത്രമാണ്. ഓരോ കുടുംബവും അകന്നകന്നാണു താമസിക്കുന്നതെന്നറിയാമല്ലോ. നക്ഷത്രമണ്ഡലങ്ങൾതന്നെ പലതുണ്ടു്. ഇരുപതുലക്ഷം നക്ഷത്രമണ്ഡലങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നു് നിങ്ങളിൽ ചിലർ അവകാശപ്പെടുന്നു. അതിനും അപ്പുറത്തത്രേ ഛായാപഥമണ്ഡലങ്ങൾ. അററവും അറുതിയുമില്ലാത്ത ആകാശത്തിന്റെ ആഴത്തിൽ എന്തെല്ലാം ഇനിയും നിങ്ങൾ കാണാനിരിക്കുന്നു! ഇതെല്ലാം എന്താണ്? ഈ അത്ഭുതസൃഷ്ടികൾ എങ്ങനെ രൂപം പൂണ്ടു? ആ—ആക്കറിയാം!

ഇതിനെല്ലാം ഹേതുഭൂതമായ ആ മഹാശക്തി എന്തു്? ആ ചോദ്യത്തിനു് ഉത്തരമില്ല.

എന്റെ കഥ കുറെ നീണ്ടുപോയി, ഇല്ലേ! നിങ്ങൾ ഈ കറങ്ങുന്ന കഥ കേട്ടു് വിഷമിച്ചിരിക്കുകയാവാം. ഞാൻ നിങ്ങളെ ഉപദ്രവിക്കുന്നില്ല. നിറുത്തുന്നു. പിന്നീടു കാണാം. നമസ്കാരം!

★

4673

## കുട്ടികൾക്കുവേണ്ടി

| | |
|---|---|
| അഞ്ചു കടലാസ്സ്—കാരൂർ | 0.75 |
| ഇരുപതു ബാലകഥകൾ—മുകുൾഭായ് | 0.75 |
| ഉണ്ണികൾക്കു ജന്തുകഥകൾ—മാലി | 1.00 |
| കനകച്ചിലങ്ക—സേതുനാഥ് | 0.75 |
| കുട്ടികളുടെ ഗാന്ധിസം—വാസുനമ്പീശൻ | 1.25 |
| കുട്ടികൾക്കുള്ള കഥകൾ—മുകുൾഭായ് | 0.75 |
| ചീത—ആനന്ദക്കുട്ടൻ | 0.60 |
| ചുരൈ.ഭലിരാജൻ—ദിവാകരക്കയ്മൾ | 0.40 |
| പൂമ്പാററകൾ—വേണുഗോപാൽ | 1.00 |
| ഭോജരാജാവ്—ദേവരാജ് ദിനേശ് | 0.40 |
| ഗൗതമബുദ്ധൻ—ഭരതസിംഹ ഉപാദ്ധ്യായ | 0.40 |
| ബാജിപ്രഭുദേശപാണ്ഡെ—വിഷ്ണുപ്രഭാകർ | 0.40 |
| രാധാറാണി—ജി. ശങ്കരക്കുറുപ്പ് | 0.75 |
| ബാലകഥാമാലിക—എം. ആർ. കൃഷ്ണവാരിയർ | 0.75 |
| ഉണ്ണികളെ കഥപറയാം—മാലി | 1.00 |
| ഉണ്ണികളെ ഇനിയും കഥപറയാം—മാലി | 1.00 |
| ഗ്രാമബാലിക—ലളിതാംബിക അന്തർജ്ജനം | 0.75 |
| റൈറ്റ് സഹോദരന്മാർ—ക്യു. റെയിനോൾഡ്സ് | 2.00 |

## നാഷനൽ ബുക്ക്സ്റ്റാൾ

**കോട്ടയം തിരുവനന്തപുരം എറണാകുളം തൃശൂർ**

L. 255

# സൂര്യന്റെ ആത്മകഥ

SAHITYA PRAVARTHAKA C. S. LTD. KOTTAYAM

ഉമയനല്ലൂർ ബാലകൃഷ്ണപിള്ള

Indic Digital Archive Foundation
gpura.org